സി.ആന്റ് എ.ജി. റിപ്പോർട്ട്

108 (4690) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. പി. കെ. ഗുരുദാസൻ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഭീമമായ കുറവ് വരുന്നതായ സി.ആന്റ് എ.ജി. റിപ്പോർട്ട് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത വരുമാനക്കുറവ് പരിഹരിക്കുന്നതിന് പുതിയ നിർദ്ദേശം മുന്നോട്ടു വച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഉപഭോക്തൃസംസ്ഥാനമായ കേരളത്തിൽനിന്നും കോടിക്കണക്കിന് രൂപ അവശ്യ വസ്തുക്കളുടക്കം അയൽ സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഡി) എങ്കിൽ പ്രസ്തുത നടപടിയുടെ ഭാഗമായി എന്ത് മാറ്റം വരുത്താനായി എന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ കുറവ് ഉണ്ടായതായി സി& എ.ജി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2014 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ സംസ്ഥാന സമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ള സി & എ.ജി റിപ്പോർട്ട് പ്രകാരം റവന്യൂ വരവുകളുടെ വളർച്ചാ നിരക്ക് 11 ശതമാനമായിരുന്നു. ഇത് മുൻ വർഷത്തെ വളർച്ചാനിരക്കായ 16 ശതമാനത്തിനെക്കാൾ കുറവായിരുന്നു.

(ബി) ഉണ്ട്. വരുമാന കുറവ് പരിഹരിക്കുന്നതിനായി വിഭവസംരക്ഷണത്തിനും അധികവിഭവ സമാഹരണത്തിനും ഉതകുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മദ്യം, വൈൻ, ബിയർ, സിഗരറ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്.

എല്ലാ തരം ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെയും നികുതി 20 ശതമാനം വർദ്ധിപ്പിച്ചു. ബിയർ, വൈൻ എന്നിവയുടെ നികുതി 50 ശതമാനത്തിൽ നിന്നും 70 ശതമാനമായി വർദ്ധിപ്പിച്ചു. സിഗറ്റിനുമേലുള്ള നികുതി 22 ശതമാനത്തിൽനിന്നും 30 ശതമാനമായി വർദ്ധിപ്പിക്കാനും ഇതിൽ 3 ശതമാനം കാൻസർ രോഗികളുടെ സംരക്ഷണത്തിന് വിനിയോഗിക്കുവാനും തീരുമാനിച്ചു

LIBRARY ARCHIVES Kerala Legislative Assembly

പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ഘടന ലാഭകരമാക്കി നിർത്തുന്നതിനായി നിരക്ക് 26.21 ശതമാനത്തിൽനിന്നും 26.92 ശതമാനമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസം, ആരോഗ്യവകുപ്പ് ഒഴികെ മറ്റെല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും 15 ശതമാനം മുതൽ 50 ശതമാനം വരെ വർദ്ധിപ്പിച്ചിട്ടുണ്ട്. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്കീമുകളും പിൻവലിച്ചു. ഒരു ലക്ഷത്തിൽ കൂടുതൽ ഇകയ്യ് മുകളിൽ സ്കീ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യണമെന്നാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) സംസ്ഥാനം കാർഷിക വിഭവങ്ങൾ ഉൾപ്പെടെയുള്ള അവശ്യ വസ്തുക്കൾക്കായി അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കുന്നുണ്ട്. ഈ ആശ്രിതത്വം ലഘൂകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ കാർഷിക വ്യാവസായിക മേഖലകളിലെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ സമഗ്രമായ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനായുള്ള 687 കോടി രൂപയുടെ പ്രത്യേക പാക്കേജ് ഈ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുപുറമേ ഈ മേഖലയ്ക്കായി 403.18 കോടി രൂപകൂടി വകയിരുത്തിയിട്ടുണ്ട്. വ്യവസായ മേഖലയ്ക്ക് വാർഷിക പദ്ധതിയിലുൾപ്പെടുത്തി 582.20 കോടി രൂപ നടപ്പു ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കേരളത്തിൽ ഒരു സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിനുള്ള പുതിയ പദ്ധതികൾക്കാണ് ഈ തുക നീക്കിവച്ചിട്ടുള്ളത്.

(ഡി) പ്രസ്തുത നടപടിയുടെ ഫലം ലഭ്യമായി വരുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly